## കേരള സംഗീത നാടക അക്കാദമി, തൃശൂർ - 680 020

### പ്രൊഫഷണൽ നാടകസമിതികൾക്ക് അംഗീകാരത്തിനുള്ള അപേക്ഷാഫോറം

1. നാടകസമിതിയുടെ പേരും വിലാസവും :
(ഫോൺ നമ്പർ/ഇ-മെയിൽ)

2. സ്ഥാപിച്ച വർഷം :

3. സമിതിക്ക് സ്ഥിരം ഓഫീസുണ്ടോ ? :

എ) സ്വന്തമായോ വാടകയ്ക്കോ :
ബി) നെയിംബോർഡ് :
സി) ഫർണീച്ചർ :
ഡി) മിനിറ്റ്സ് ബുക്ക് :
ഇ) സീൽ :
എഫ്) വരവു ചെലവു കണക്ക് രജിസ്റ്റർ :

4. ഇതുവരെ എത്ര നാടകങ്ങൾ :
അവതരിപ്പിച്ചു ? :
(നോട്ടീസ് അടക്കം ചെയ്യുക)

5. ഇപ്പോൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന :
നാടകം (നോട്ടീസ് അടക്കം ചെയ്യുക)
എന്നു മുതൽ അവതരിപ്പിച്ചു തുടങ്ങി ?

6. നേരത്തെ ലഭിച്ച അക്കാദമി അംഗീകാരം :
നഷ്ടപ്പെട്ടതാണോ ?
ആണെങ്കിൽ എന്തുകൊണ്ട് ?

മേൽപ്പറഞ്ഞ വസ്തുതകൾ ശരിയാണെന്ന് ബോധ്യപ്പെടുത്തിക്കൊള്ളുന്നു. സമിതിയുടെ നിയമാവലി, പ്രവർത്തന റിപ്പോർട്ട്, നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റ്

.......2.

എന്നിവ ഇതോടൊപ്പം വയ്ക്കുന്നു. ഞങ്ങളുടെ സമിതിക്ക് അംഗീകാരം നൽകണമെന്നഭ്യർത്ഥിക്കുന്നു. അംഗീകാരത്തിനുള്ള ഫീസ് അക്കാദമി ആവശ്യപ്പെടുമ്പോൾ അക്കൗണ്ട് ട്രാൻസ്ഫർ/ഡി.ഡി/മണിയോർഡർ ആയി അയയ്ക്കുന്നതാണ്. കേളിയുടെ വരിസംഖ്യ അടക്കാൻ സമ്മതമാണെന്നും അറിയിക്കുന്നു.

സ്ഥലം :

തീയതി :

ഒപ്പ്
നാടകസമിതി സെക്രട്ടറിയുടെ പേര്
സീൽ

---

മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണ്

സ്ഥലം :
തീയതി :

സാക്ഷ്യപ്പെടുത്തുന്ന പ്രമുഖ വ്യക്തിയുടെ
എം.പി, എം.എൽ.എ, തദ്ദേശ സ്വയംഭരണ
സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ ഒപ്പ് :

പേര് :

സ്ഥാനം :

ഓഫീസ് സീൽ :

ഫോൺ :

ഇ-മെയിൽ :

## പ്രൊഫഷണൽ കലാസംഘം അഫിലിയേഷൻ നിയമാവലി
## 25-11-2023ന് അക്കാദമി നിർവ്വാഹകസമിതി യോഗം പരിഷ്കരിച്ചത്

### പ്രൊഫഷണൽ നാടകസമിതി/കലാസംഘം അംഗീകാരത്തിനുള്ള വ്യവസ്ഥകൾ

1. സംഗീതം, നാടകം, നൃത്തം, ബാലെ, വാദ്യം, നാടോടിഗോത്ര കലകൾ, മാജിക്, മിമിക്രി, കഥാപ്രസംഗം, കേരളീയ കലകൾ, ക്ലാസിക് കലകൾ, ക്ഷേത്രകലകൾ എന്നീ രംഗങ്ങളിൽ ഏതിലെങ്കിലും പ്രാമുഖ്യം നൽകി കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രൊഫഷണൽ കലാസംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും കേരള സംഗീത നാടക അക്കാദമിയിൽ അംഗീകാരത്തിനു വേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത സമിതികളുടെ നിയമാവലിയുടെ പകർപ്പും പ്രവർത്തന റിപ്പോർട്ടും, ഭാരവാഹികളുടെ പേരു വിവരവും സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

2. ഏതു സമയത്തും അക്കാദമി അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3. അംഗീകാരത്തിനുള്ള അപേക്ഷാഫോറം അക്കാദമി ഓഫീസിൽ നിന്ന് നേരിട്ടോ തപാൽ മാർഗ്ഗമോ വെബ്സൈറ്റിലൂടെയോ സൗജന്യമായി ലഭിക്കും. ഫോറം പൂരിപ്പിച്ച് അക്കാദമി ഓഫീസിൽ നൽകേണ്ടതാണ്.

4. ചുരുങ്ങിയത് ഒരു വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള കലാസംഘങ്ങൾക്കു മാത്രമേ അംഗീകാരത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

5. കലാസംഘങ്ങൾക്ക് സ്വന്തമായോ വാടകയ്ക്കോ ഉള്ള ഓഫീസ് ഉണ്ടായിരിക്കണം. നിയമാവലി, മിനിറ്റ്സ് ബുക്ക്, വരവ് ചെലവ് കണക്ക് രജിസ്റ്ററുകൾ, നെയിം ബോർഡ്, സീൽ, ആവശ്യമായ ഫർണീച്ചർ എന്നിവ ഉണ്ടായിരിക്കണം.

6. അംഗീകാരത്തിനുള്ള ഫീസ് 200/- രൂപയും അക്കാദമിയുടെ മുഖപത്രമായ കേളിയുടെ വാർഷിക വരിസംഖ്യയും (കലാസംഘങ്ങൾക്ക് നിലവിൽ ഇപ്പോൾ പ്രതിവർഷം 300/- രൂപ) ആണ്. അപേക്ഷയുടെ പരിശോധനയ്ക്ക് ശേഷം അക്കാദമിയിൽ നിന്നുള്ള അറിയിപ്പ് അനുസരിച്ച് 3 മാസത്തിനുള്ളിൽ ഫീസ് അടച്ചിരിക്കണം. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷ റദ്ദാകുന്നതാണ്.

7. അംഗീകാരമുള്ള കലാസംഘങ്ങൾ അപേക്ഷ അക്കാദമിയ്ക്ക് സമർപ്പിക്കുമ്പോൾ എം.പി, എം.എൽ.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷർ, ജില്ലാ കേന്ദ്ര കലാസമിതി സെക്രട്ടറി എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

8. അംഗീകാരം നൽകിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് കലാസംഘങ്ങൾക്ക് അയച്ചു തരുന്നതാണ്.

9. അക്കാദമി അംഗീകാരം 1 വർഷം, 2 വർഷം, 3 വർഷം, 4 വർഷം, 5 വർഷം എന്നീ കാലയളവുകളിലായിരിക്കും. അതാതു കാലയളവുകൾ കഴിഞ്ഞ് 3 മാസത്തിനകം അംഗീകാരം അവസാനിക്കുന്ന തീയതി തൊട്ടു പുതുക്കാവുന്നതാണ്.

10. അംഗീകാരം പുതുക്കുന്നതിനുള്ള ഫീസ് 100/- രൂപയാണ്. അതും കേളിയുടെ വാർഷിക വരിസംഖ്യയും (കലാസംഘങ്ങൾക്ക് പ്രതിവർഷം 300/- രൂപ) ചേർത്തടച്ച് യഥാകാലം അംഗീകാരം പുതുക്കേണ്ട ഉത്തരവാദിത്തം കലാസംഘങ്ങൾക്കായിരിക്കും. അംഗീകാരം പുതുക്കുന്ന സമയത്ത് മുൻവർഷത്തെ/വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്, ഭാരവാഹികളുടെ വിവരങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്. ഒരിക്കൽ ലഭിച്ചു കഴിഞ്ഞ അംഗീകാരം പുതുക്കുന്നതിന് നിർവ്വാഹക സമിതി തീരുമാനം ആവശ്യമില്ല. അത് ഒരു ദൈനംദിന ഓഫീസ് നടപടി ആയി നിർവ്വഹിക്കാവുന്നതാണ്.

അതിനുശേഷമുള്ളത് (10 വർഷം വരെയുള്ള കാലയളവിലേക്ക്) പുതുക്കുന്നതിൽ വീഴ്ച വരുത്തുന്ന സജീവ പ്രവർത്തനം നടത്തുന്ന പ്രൊഫഷണൽ കലാസംഘങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിർവ്വാഹകസമിതിയുടെ അനുമതിയോടെ അംഗീകാരം പുതുക്കി നൽകുന്നതാണ്.

........2

11. സാധാരണ നിലയിൽ അക്കാദമി നിർവ്വാഹകസമിതി യോഗതീരുമാനമനുസരിച്ചായിരിക്കും കലാസംഘങ്ങൾക്ക് അഫിലിയേഷൻ ലഭിക്കുന്നത്. നിർവ്വാഹകസമിതി കാലത്ത് നിലവിലില്ലെങ്കിലോ മറ്റേതെങ്കിലും തക്കതായ കാരണങ്ങളാലോ മേൽപ്പറഞ്ഞ സെക്രട്ടറിയുടെ അഭാവത്തിൽ ചീഫ് എക്സിക്യൂട്ടീവ് ചുമതലയുള്ള ഉദ്യോഗസ്ഥനോ സെക്രട്ടറിയോ ഇതു സംബന്ധിച്ച തീരുമാനം എടുക്കാവുന്നതാണ്. ഇങ്ങനെ എടുക്കുന്ന തീരുമാനങ്ങൾക്ക് പിന്നീട് ചേരുന്ന നിർവ്വാഹകസമിതി യോഗത്തിന്റെ സാധൂകരണം തേടേണ്ടതാണ്.

12. പ്രൊഫഷണൽ കലാസംഘടനകൾക്കുള്ള ധനസഹായ ശുപാർശകൾ, കെട്ടിട ഗ്രാന്റ് ശുപാർശ എന്നിവയ്ക്ക് അക്കാദമിയുടെ അംഗീകാരം ഒരു അവശ്യ നിബന്ധനയാണ്.

13. അഫിലിയേഷനും ഗ്രാന്റും സംബന്ധിച്ച അന്തിമ തീരുമാനം അക്കാദമിയിൽ നിക്ഷിപ്തമാണ്.

Secretary
Kerala Sangeetha Nataka
Thrissur-680 020